## “CORRUPTION, A CRIME AGAINST NATION”

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
**695033** തിരുവനന്തപുരം
**E-mail:vig.vacb@kerala.gov.in**
ഫോൺ നം . **0471-2305393**
തീയതി
**04.12.2025**

## വിജിലൻസിന്റെ തുടർച്ചയായ അഞ്ചാം ട്രാപ്പ് കേസ്: ലൈസൻസ് അനുവദിക്കുന്നതിന് കൈക്കൂലി വാങ്ങിയ വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയിലെ ക്ലീൻ സിറ്റി മാനേജരും സഹായിയും വിജിലൻസ് പിടിയിൽ.

സ്ക്രാപ്പ് കച്ചവട സ്ഥാപനത്തിന് ലൈസൻസ് അനുവദിക്കുന്നതിന് 3,000/- രൂപ കൈക്കൂലി വാങ്ങിയ വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയിലെ ക്ലീൻ സിറ്റി മാനേജരും കാസർഗോഡ് സ്വദേശിയുമായ ജിതേഷ് കുമാർ.കെ.വി യെയും, താൽക്കാലിക ശുചീകരണ തൊഴിലാളിയും വടക്കാഞ്ചേരി സ്വദേശിയുമായ സന്തോഷ്.എം.ബി യെയും വിജിലൻസ് ഇന്ന് (04/12/2025) കൈയ്യോടെ പിടികൂടി.

തൃശ്ശൂർ കോലാഴി സ്വദേശിയായ പരാതിക്കാരന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ക്രാപ്പ് കച്ചവട സ്ഥാപനത്തിന്റെ ലൈസൻസ് കാലാവധി 14.11.2025 തീയതി അവസാനിച്ചതിനെ തുടർന്ന് ലൈസൻസ് പുതുക്കുന്നതിന് പരാതിക്കാരൻ വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയിൽ ഓൺലൈനായി അപേക്ഷ സമർപ്പിച്ചിരുന്നു. രണ്ടാഴ്ചയ്ക്ക് ശേഷവും അപേക്ഷയിൽ നടപടി ഉണ്ടാകാത്തതിനെ തുടർന്ന് പരാതിക്കാരൻ മുനിസിപ്പാലിറ്റി ഓഫീസിൽ നേരിട്ടെത്തി അന്വേഷിച്ചതിൽ ഫയൽ ക്ലീൻ സിറ്റി മാനേജരായ ജിതേഷ് കുമാർ.കെ.വി യുടെ കൈവശമാണെന്ന് അറിഞ്ഞിരുന്നു. തുടർന്ന് ഇന്നലെ (03.12.2025) പരാതിക്കാരൻ ജിതേഷ് കുമാറിനെ നേരിൽ കണ്ട് അപേക്ഷയുടെ സ്ഥിതി തിരക്കിയപ്പോൾ ലൈസൻസ് അനുവദിക്കുന്നതിന് കൈക്കൂലിയായി 3,000/- രൂപ ഇന്ന് (04.12.2025) ഓഫീസിൽ എത്തിച്ച് നൽകണമെന്ന് ആവശ്യപ്പെട്ടു. എന്നാൽ കൈക്കൂലി നൽകി കാര്യം സാധിക്കാൻ താൽപര്യമില്ലാത്ത പരാതിക്കാരൻ ഈ വിവരം തൃശ്ശൂർ വിജിലൻസ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനെ അറിയിക്കുകയും, അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം കെണിയൊരുക്കി നിരീക്ഷിച്ചു വരവേ ഇന്ന് (04.12.2025) ഉച്ചയ്ക്ക് 12.00 മണിക്ക് വടക്കാഞ്ചേരി മുനിസിപ്പാലിറ്റി ഓഫീസിൽ വച്ച് ക്ലീൻ സിറ്റി മാനേജരായ ജിതേഷ് കുമാർ നിർദ്ദേശിച്ചതനുസരിച്ച് മുനിസിപ്പാലിറ്റിയിലെ താൽക്കാലിക ശുചീകരണ തൊഴിലാളിയായ സന്തോഷ് പരാതിക്കാരനിൽ നിന്നും 3,000/-രൂപ കൈക്കൂലി വാങ്ങവെ ഇരുവരെയും വിജിലൻസ് സംഘം കൈയ്യോടെ പിടികൂടുകയാണുണ്ടായത്. അറസ്റ്റ് ചെയ്ത പ്രതികളെ തൃശ്ശൂർ വിജിലൻസ് കോടതിയിൽ ഹാജരാക്കും.

സി-ക്ലാസ് കോൺട്രാക്ടർ ലൈസൻസ് അനുവദിക്കുന്നതിന് 15,000/- രൂപ കൈക്കൂലി വാങ്ങിയ ഇടമലയാർ ഇറിഗേഷൻ പ്രോജക്ട് ഡിവിഷൻ നമ്പർ-1 അങ്കമാലി ഓഫീസിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറും അങ്കമാലി സ്വദേശിയുമായ വിൽസൺ.പി.എം, ഭൂമി തരം മാറ്റുന്നതിനായി 50,000/- രൂപ കൈക്കൂലി വാങ്ങിയ ഒളവണ്ണ വില്ലേജ് ഓഫീസിലെ വില്ലേജ് ഓഫീസർ ഉല്ലാസ് മോൻ കെ.ആർ, പോക്കുവരവ് ചെയ്ത് കരം തീർപ്പാക്കുന്നതിനായി 5,000/- രൂപ കൈക്കൂലി വാങ്ങിയ എറണാകുളം വേങ്ങൂർ വെസ്റ്റ് വില്ലേജ് ഓഫീസിലെ വില്ലേജ് അസിസ്റ്റന്റും വേങ്ങൂർ സ്വദേശിയുമായ ജിബി മാത്യു.എം, ക്ഷേത്രത്തിൽ നടത്തിയ പൂജകൾക്ക് 5,000/- രൂപ കൈക്കൂലി വാങ്ങിയ ആലപ്പുഴ മാന്നാർ കുട്ടംപേരൂർ-കുന്നത്തൂർ ശ്രീ. ദുർഗാ ദേവി ക്ഷേത്രത്തിലെ റിസീവറും ദേവസ്വം ബോർഡിന് കീഴിലുള്ള തൃക്കുരട്ടി മഹാദേവ ക്ഷേത്രത്തിലെ സബ്-ഗ്രൂപ്പ് ഓഫീസറുമായ ശ്രീനിവാസൻ എന്നിവരാണ് തുടർച്ചയായ ദിവസങ്ങളിൽ വിജിലൻസ് പിടിയിലായത്. ഇന്ന് രജിസ്റ്റർ ചെയ്ത ട്രാപ്പ് കേസോടെ തുടർച്ചയായ ദിവസങ്ങളിൽ അഞ്ച് കേസുകളിൽ നിന്നായി കൈക്കൂലി വാങ്ങിയ ആറ് സർക്കാർ ഉദ്യോഗസ്ഥരെയാണ് വിജിലൻസ് കൈയ്യോടെ പിടികൂടിയത്. തുടർച്ചയായ ട്രാപ്പ് കേസുകളുടെ എണ്ണത്തിൽ ഇത് വിജിലൻസിന്റെ ചരിത്ര നേട്ടമാണ്.

ഈ വർഷം നാളിതുവരെ 54 ട്രാപ്പ് കേസുകളിൽ നിന്നായി ഉദ്യോഗസ്ഥരും ഇടനിലക്കാരും ഉൾപ്പെടെ 73 പ്രതികളെയാണ് വിജിലൻസ് അറസ്റ്റ് ചെയ്ത് ജയിലിലടച്ചത്. ഇതിൽ 19 കേസുകളുള്ള റവന്യൂ വകുപ്പും, 11 കേസുകൾ ഉള്ള തദ്ദേശസ്വയംഭരണ വകുപ്പും, 6 കേസുകൾ ഉള്ള പോലീസ് വകുപ്പുമാണ് കേസുകളുടെ എണ്ണത്തിൽ മുന്നിലുള്ളത്. വിദ്യാഭ്യാസ വകുപ്പിലും, കെ. എസ്. ഇ. ബി യിലും 3 വീതം കേസുകളും മറ്റ് വിവിധ വകുപ്പുകളിലായി 12 കേസുകളുമാണ് 2025-ൽ വിജിലൻസ് ഇതുവരെ പിടിച്ചിട്ടുള്ളത്.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ, വിജിലൻസിന്റെ ടോൾ ഫ്രീ നമ്പറായ 1064 എന്ന നമ്പറിലോ, 8592900900 എന്ന നമ്പരിലോ, വാട്സ് ആപ്പ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം ഐ.പി.എസ്സ് അഭ്യർത്ഥിച്ചു.